"ഭരണഭാഷ- മാതൃഭാഷ"

പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2706. 22.01.2021 ൽ മറുപടിയ്ക്ക്

## കടുവ സെൻസസ്

<table>
<tr><td colspan="2"><u>ചോദ്യം</u><br><br>ശ്രീ . ടി. വി. ഇബ്രാഹിം</td><td colspan="2"><u>മറുപടി</u><br><br>അഡ്വ.കെ.. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി )</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് 'കടുവ' സെൻസസ് അവസാനമായി നടന്നത് എന്നാണെന്ന് അറിയിക്കാമോ;</td><td>(എ)</td><td>സംസ്ഥാനത്ത് കടുവ സെൻസസ് അവസാനമായി നടന്നത് 2018-ൽ ആണ്.</td></tr>
<tr><td>(ബി)</td><td>ഈ സെൻസസ് പ്രകാരം ഓരോ വന്യജീവി സങ്കേതങ്ങളിലും എത്ര കടുവകൾ ഉണ്ടെന്ന് അറിയിക്കാമോ;</td><td>(ബി)</td><td>2018-ലെ All India Tiger Census പ്രകാരം, ആകെ 190 കടുവകളെയാണ് സംസ്ഥാനത്ത് കണ്ടെത്തിയിട്ടുള്ളത്.<br><br><table><tr><td>പെരിയാർ കടുവാ സങ്കേതം</td><td>26</td></tr><tr><td>പറമ്പിക്കുളം കടുവാ സങ്കേതം</td><td>27</td></tr><tr><td>വയനാട് വന്യജീവി സങ്കേതം</td><td>120</td></tr><tr><td>സൈലൻറ് വാലി ദേശീയോദ്യാനം</td><td>7</td></tr><tr><td>മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷൻ</td><td>7</td></tr><tr><td>റാന്നി ഫോറസ്റ്റ് ഡിവിഷൻ</td><td>1</td></tr><tr><td>മറ്റു സ്ഥലങ്ങളിൽ</td><td>2</td></tr><tr><td>ആകെ</td><td>190</td></tr></table>Source : Tigers, Copredators & Prey in India – 2018, NTCA & WII.</td></tr>
<tr><td>(സി)</td><td>സാധാരണയായി മറ്റ് ഏതെല്ലാം മൃഗങ്ങളുടെ സെൻസസാണ് സർക്കാർ നടത്താറുള്ളത് എന്നറിയിക്കാമോ;</td><td>(സി)</td><td>സാധാരണയായി, ആന, കാട്ടുപോത്ത്, മലയണ്ണാൻ, കരിങ്കുരങ്ങ്, മ്ലാവ്, പുള്ളിമാൻ, കാട്ടുപന്നി, വരയാട്, മുതലായ മൃഗങ്ങളുടെ സെൻസസാണ് സർക്കാർ നടത്തിയിട്ടുള്ളത്.</td></tr>
<tr><td>(ഡി)</td><td>കന്നുകാലി സെൻസസിന്റെ പരിധിയിൽ ഏതെല്ലാം മൃഗങ്ങളാണ് വരുന്നത് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;</td><td>(ഡി)</td><td>കന്നുകാലി സെൻസസിന്റെ പരിധിയിൽ പശു/കാള, എരുമ/പോത്ത്, മിഥുൻ, യാക്കുകൾ, ചെമ്മരിയാട്ടുകൾ, ആട്ടുകൾ, പന്നികൾ, കുതിരകൾ, പോണികൾ, കഴുതകൾ, കോവർ കഴുതകൾ, നായ്ക്കൾ, ഒട്ടകം, മുയൽ, ആനകൾ എന്നി 15 തരം മൃഗങ്ങളുടെ സെൻസസ് വിവരങ്ങൾ ഉൾപ്പെട്ടുന്നുണ്ട്.<br><br>ഇതു കൂടാതെ കോഴി, താറാവ്, ടർക്കികൾ, എമു, കാട, ഗിനിക്കോഴി, ഒട്ടകപക്ഷി. വാത്തകൾ എന്നീ 8 തരം പക്ഷികളുടെയും വിവരങ്ങൾ കന്നുകാലി സെൻസസ് പ്രകാരം ശേഖരിക്കുന്നുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| (ഇ) | വന്യജീവികളുടെ സെൻസസ് നടത്തുന്നതിന് ഉപയോഗിക്കുന്ന രീതികൾ വിശദമാക്കാമോ? | (ഇ) | വന്യജീവികളുടെ കണക്കെടുപ്പ് നടത്തുന്നതിനായി ശാസ്ത്രീയമായ രീതികൾ അവലംബിച്ചുവരുന്നു. വന്യജീവികളുടെ എണ്ണം പ്രത്യക്ഷ രീതിയിലും പരോക്ഷ രീതിയിലും തിട്ടപ്പെടുത്താറുണ്ട്. വനമേഖലയെ ബ്ലോക്കുകളായി തിരിച്ച് അതിലൂടെ സഞ്ചരിച്ച് നേരിട്ട് കാണുന്ന മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന ബ്ളോക്ക് കൗണ്ട് (Block count –direct method), ഓരോ ബ്ളോക്കിലും നിശ്ചയിക്കുന്ന നിർദ്ദിഷ്ട നേർരേഖയിലൂടെ സഞ്ചരിച്ച് നേരിട്ട് കാണുന്ന മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന Block count line transect – direct slighting, വനമേഖലയെ ചെറിയ ഗ്രിഡുകളായി തിരിച്ച് അവയിൽ സ്ഥാപിക്കുന്ന ക്യാമറകൾ ഉപയോഗിച്ച് ചിത്രം എടുക്കുന്ന Camera Trapping<br>Method, ആനക്കൂട്ടങ്ങളുടെ പ്രായം, ആൺ-പെൺ ഇനം എന്നിവ അറിയുന്നതി നായി ജലസ്രോതസ്സുകൾ കേന്ദ്രീകരിച്ച് നടത്തുന്ന Waterhole count method എന്നിവ പ്രത്യക്ഷ രീതിയിലുള്ള കണക്കെടുപ്പുകളാണ്.<br>ട്രാൻസെക്ടുകളിൽകൂടി സഞ്ചരിക്കുമ്പോൾ മൃഗങ്ങളുടെ കാഷ്ഠം കാണുന്നതനുസരിച്ച് അവയുടെ ഇനം, എണ്ണം എന്നിവ തിട്ടപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന Dung count method എന്നത് പരോക്ഷമായ രീതിയിലുള്ള കണക്കെടുപ്പുകളാണ്.<br>ആനയുടെ കണക്കെടുപ്പിന് Block count direct sighting, Line transect dung count, water hole count, Dung decay rate എന്നീ രീതികൾ അവലംബിക്കാറുണ്ട്.<br>കടുവകളുടെ എണ്ണം കണക്കാക്കുന്നത് Camera Trapping രീതി അവലംബിച്ചാണ്. കാട്ടുപോത്ത്, മാൻ, കാട്ടുപന്നി, കരങ്- വർഗ്ഗജീവികൾ എന്നിവയുടെ എണ്ണം കണക്കാക്കുന്നതിന് Block count direct sighting, Line transect direct sighting, എന്നീ രീതികളാണ് സാധാരണ സ്വീകരിക്കാറുള്ളത്. |

സെക്ഷൻ ഓഫീസർ